# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2656 — 18.08.2017 ൽ മറുപടിക്ക്**

## പൊതുമരാമത്ത് നിർമ്മിച്ച കെട്ടിടങ്ങളുടെയും പാലങ്ങളുടെയും സംരക്ഷണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി. അബ്ദുറഹിമാൻ** | | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| എ) | പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച കെട്ടിടങ്ങളും പാലങ്ങളും ഇതര നിർമ്മിതികളും യഥാസമയം അറ്റകുറ്റപ്പണിയും വൃത്തിയാക്കലും കൃത്യമായ മേൽനോട്ടവും ഇല്ലാത്തതുകാരണം വളരെ വേഗം നാശത്തിലേക്ക് നീങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പാലങ്ങൾ അറ്റകുറ്റപ്പണികളും വൃത്തിയാക്കലും കൃത്യമായ മേൽനോട്ടവും ഇല്ലാത്തതുകാരണം വളരെ വേഗം നാശത്തിലേക്ക് നീങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച കെട്ടിടങ്ങളും ഇതര നിർമ്മിതികളും നാശത്തിലേക്ക് നീങ്ങുന്ന സാഹചര്യം നിലവിലില്ല |
| ബി) | കെട്ടിടങ്ങൾ, പാലങ്ങൾ തുടങ്ങിയവയിലൊക്കെ ആൽമരങ്ങൾ ഉൾപ്പെടെയുള്ളവ തഴച്ചുവളർന്ന് വർഷങ്ങളായി ആരും ശ്രദ്ധിക്കാതെ അപകടകരമായ അവസ്ഥയിലേക്ക് വന്നുചേരുന്നത് പരിഹരിക്കാൻ പ്രത്യേക സംവിധാനം ഒരുക്കുമോ ; | ബി) | നിലവിലുള്ള പാലങ്ങളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പാലങ്ങളും 6 മാസത്തിലൊരിക്കൽ അസി.എക്സി.എഞ്ചിനീയർമാരുടെ തലത്തിലും, വർഷത്തിലൊരിക്കൽ എക്സി.എഞ്ചിനീയർമാരുടെ തലത്തിലും പരിശോധന നടത്തി ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി വരുന്നുണ്ട്. അറ്റകുറ്റപണികളുടെ ഭാഗമായി ആൽമരങ്ങൾ ഉൾപ്പെടെയുള്ളവ നീക്കം ചെയ്യുന്നുണ്ട്. |
| സി) | നിലവിൽ പൊതുമരാമത്ത് നിർമ്മിച്ചു നൽകുന്ന കെട്ടിടങ്ങളും പാലം ഉൾപ്പെടെയുള്ള ഇതര നിർമ്മിതികളും അറ്റകുറ്റപ്പണി ചെയ്ത് സംരക്ഷിക്കുന്നതിന് എന്തൊക്കെ സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | നിലവിൽ പൊതുമരാമത്ത് കെട്ടിടങ്ങളും പാലം ഉൾപ്പെടെയുള്ള ഇതര നിർമ്മിതികളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി **Defect Liability Period** നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വരുന്ന അറ്റകുറ്റപ്പണികൾ അതാത് കരാറുകാർ തന്നെ പരിഹരിച്ചു വരുന്നു. കൂടാതെ കാലാകാലങ്ങളിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കായി നോൺ പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി തുക അനുവദിച്ച് യഥാസമയം തന്നെ അവ പരിഹരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ